**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5239** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ഈ മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ മൂലം, പ്രസ്തുത മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ലാത്തതും, ആധാരമെഴുത്ത്, പകർപ്പെഴുത്ത് ലൈസൻസ് തൊഴിലാളികളുടെ തൊഴിൽ നഷ്ടമാകുന്ന തരത്തിലുള്ള തീരുമാനങ്ങളൊന്നും വകുപ്പിൽ നിന്നും എടുത്തിട്ടില്ലാത്തതുമാണ്.<br><br>പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ തൊഴിലിനെ ബാധിക്കാതിരിക്കുവാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്. |
| (ബി) | ഭൂമിയുടെ രജിസ്ട്രേഷൻ സംസ്ഥാന വിഷയമാണെന്നിരിക്കെ ഇക്കാര്യത്തിൽ കേന്ദ്രം ഇടപെടുന്നത് സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടമുണ്ടാക്കുമെന്നതിനാൽ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതിയെ നിയമപരമായി നേരിടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ